ചെയ്യുന്നുണ്ട്. ഇതല്ലാതെ വേറെ പരിപാടിയില്ല. ബഡ്ജറ്റിൽ പാവപ്പെട്ട കുട്ടികൾക്ക് ഭക്ഷണം കൊടുക്കുന്നതിനെപ്പറ്റി പറയുന്നതുപോലെ തുണി കൊടുക്കാനുള്ള പരിപാടി ഇല്ലെന്നാണ് പറയുന്നത്.

അശരണർക്ക് സാമ്പത്തിക സഹായം

*583 [621] ശ്രീ. വി. കെ. രാജൻ :
,, എം. കെ. കേശവൻ :
,, കെ. ടി. കുമാരൻ :
,, കണിയാപുരം രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ ?

(എ) സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ എന്ന നിലയിൽ ഏതെല്ലാം വിഭാഗങ്ങളിൽപ്പെട്ട അശരണർക്ക് സാമ്പത്തികസഹായം നൽകുന്നുണ്ട് ;

(ബി) ഓരോ വിഭാഗത്തിലും എത്ര പേർക്കുവീതം പെൻഷൻ നൽകുന്നു ;

(സി) ഈ ഇനത്തിൽ ഗവൺമെൻറിന് പ്രതിവർഷം എത്ര തുക ചെലവുവരും ?

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ) :

അഗതികളായ വൃദ്ധർ, വികലാംഗർ, വിധവകൾ എന്നിവർക്ക് കേരളാ അഗതി പെൻഷൻ പദ്ധതിപ്രകാരം സാമ്പത്തികസഹായം നൽകുന്നുണ്ട്. അംഗവൈകല്യം സംഭവിച്ചവർക്ക് സ്വയം തൊഴിൽ കണ്ടെത്താൻവേണ്ടി 500 രൂപ വീതം ഗ്രാൻറ് നൽകുന്നുണ്ട്.

(ബി, സി) വിവരം ശേഖരിച്ചുവരുന്നു.

ശ്രീ. വി. കെ. രാജൻ: നമ്മുടെ സംസ്ഥാനത്ത് മൊത്തം എത്ര പേർക്ക് ഈ സഹായം കൊടുത്തിട്ടുണ്ടെന്ന് പറയാമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അതിൻെറ കണക്കില്ല. ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്നുണ്ട്. നാലുകോടിയിലധികം രൂപയോളം ചെലവാക്കിയിട്ടുണ്ടെന്ന് കണക്കുണ്ട്.

ശ്രീ. എം. കെ. കേശവൻ: ഈ അശരണർക്ക് നൽകുന്ന സാമ്പത്തിക സഹായം എന്നുള്ള വ്യവസ്ഥയിൽ വികലാംഗർക്ക് നൽകുന്ന 500 രൂപ കൊണ്ട് ഒരു തൊഴിൽ കണ്ടുപിടിക്കാൻ കഴിയുകയില്ലെന്നുള്ളതുകൊണ്ട് ആ തുക അൽപ്പം വർദ്ധിപ്പിച്ചുകൊടുക്കാൻ നടപടി എടുക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അതിനെപ്പറ്റി ഇപ്പോൾ പറയാൻ സാധിക്കുകയില്ല.

ശ്രീ. എം. കെ. കേശവൻ: നിത്യോപയോഗസാധനങ്ങളുടെ വില വർദ്ധനവുകൊണ്ട് ഈ തുകകൊണ്ട് വ്യവസായങ്ങൾ തുടങ്ങിയ ആളുകൾ പലരും മെച്ചപ്പെട്ട നിലയിൽ നടത്താൻ സാധിക്കാതെ നിർത്തിവച്ച് പോയതായുള്ള കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ടി. കുമാരൻ: വിധവാ പെൻഷനും വാർദ്ധക്യകാല പെൻഷനും കൊടുക്കുന്നത് പ്രായപൂർത്തിയായ ആൺമക്കളുള്ള ആളുകൾക്ക് കൊടുക്കേണ്ടതില്ലെന്നുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അവർക്ക് ഇന്ന് ലഭിക്കുന്നില്ല. വിശിഷ്യാ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട അശരണരായ ആളുകൾക്ക് കിട്ടുന്നില്ലെന്നുള്ളതുകൊണ്ട് ഈ പാവപ്പെട്ട ആളുകളുടെ ആൺമക്കളെതന്നെ അശരണരായി കഴിയുന്നസ്ഥിതിക്ക് അത്തരക്കാരെക്കൂടി ഉൾപ്പെടുത്താൻ നടപടി എടുക്കുമോ?

ശ്രീ സി. എച്ച്. മുഹമ്മദുകോയ: പ്രായമായ ആൺമക്കളുള്ളവരെ അശരണരായി കണക്കാക്കേണ്ടതില്ലെന്നാണ് തീരുമാനിച്ചിട്ടുള്ളത്. അത് പുനരാരംഭിക്കാൻ തൽക്കാലം ഉദ്ദേശിക്കുന്നില്ല.

ശ്രീ. കണിയാപുരം രാമചന്ദ്രൻ: വികലാംഗർക്കുവേണ്ടിയുള്ള ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുവേണ്ടി ഒരു കോർപ്പറേഷൻ രൂപീകരിക്കണമെന്നുള്ള നിവേദനം അവരുടെ സംഘടനകളിൽനിന്നും ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനെപ്പറ്റി ഗവൺമെന്റിന്റെ നിലപാടെന്താണ്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: കിട്ടിയിട്ടുണ്ട്. ഒരു ഏകാംഗ കമ്മീഷൻ ഈ പ്രശ്നം പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. കണിയാപുരം രാമചന്ദ്രൻ: കഷണ്ടിക്കാരേയും അവിവാഹിതരേയുംകൂടി വികലാംഗരുടെ പട്ടികയിൽ ഉൾപ്പെടുത്തി അവർക്കുകൂടി ആനുകൂല്യങ്ങൾ നൽകുന്ന കാര്യത്തെപ്പറ്റി ആലോചിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അവിവാഹിതർ വികലാംഗർ അല്ല. അവർ നല്ല കായബലമുള്ളവരാണ്.

ശ്രീ. സെവ്യയർ അറയ്ക്കൽ: കൂളിംഗ് ഗ്ലാസ് വയ്ക്കുന്നവരെ കൂടി ഈ പട്ടികയിൽ ഉൾപ്പെടുത്താൻ നടപടി എടുക്കുമോ?

(ഉത്തരം പറഞ്ഞില്ല.)

ശ്രീ. ഇ. പി. ഗോപാലൻ: ഇവർക്ക് കൊടുക്കുന്ന പെൻഷൻ കൃത്യമായി കിട്ടുന്നില്ലെന്നുള്ളത് പരിഗണിച്ച് ഇവർക്ക് വിഷമങ്ങൾ ഉണ്ടാകുമെന്നുള്ളത് പരിഗണിച്ച് ഇവർക്ക് കൃത്യമായി കൊടുക്കാൻ നടപടി എടുക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: കൃത്യമായി മണിയോർഡർ അയക്കുന്നതിനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഇതെല്ലാം നടപ്പിലാക്കുന്ന ഉദ്യോഗസ്ഥൻമാരിൽനിന്നും വല്ല വൈകല്യങ്ങളും ഉണ്ടായിട്ടുണ്ടെങ്കിൽ ശ്രദ്ധയിൽപെടുത്തിയാൽ അന്വേഷിക്കുന്നതാണ്.

ശ്രീ. പി. ആർ. ഫ്രാൻസിസ്: ഗവൺമെന്റ് നൽകുന്ന ഇത്തരം സഹായങ്ങൾ ചില സാങ്കേതിക തടസങ്ങളും മറ്റുംകൊണ്ട് പലർക്കും ലഭിക്കുന്നില്ലെന്നുള്ളതു കൊണ്ട് ഉദാഹരണം പറയുകയാണെങ്കിൽ അറിവില്ലാത്ത ആളുകൾ റേഷൻ കാർഡിൽ വരുമാനം കൂട്ടിവയ്ക്കുന്നതുകൊണ്ട് അവർക്ക് സഹായം നിഷേധിക്കുന്നുണ്ട്. ഇതിനെ സംബന്ധിച്ച് പരിശോധിച്ച് അയവുവരുത്താൻ നടപടി എടുക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: റേഷൻ കാർഡിൽ പറയുന്നത് കുറയ്ക്കാൻ സാധിക്കുമോയെന്ന് അറിയുകയില്ല. ഗവൺമെന്റ് പണം ചെലവാക്കുന്നതിൽ ചില സാങ്കേതിക തത്ത്വം ഉണ്ട്. ഇളവ് കൊടുക്കാൻ സാധിക്കുമെന്നു തോന്നുന്നില്ല, അതിന് ചില നിബന്ധനകൾ ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. രാമകൃഷ്ണൻ: മക്കൾക്ക് പ്രായപൂർത്തിയായാൽ കൊടുക്കാൻ പാടില്ലെന്നു പറഞ്ഞു. അംഗവൈകല്യത്തിന്റെ പേരിൽ നാലു കൊല്ലം പെൻഷൻ കിട്ടിക്കൊണ്ടിരുന്നു. പ്രായപൂർത്തിയായ മകനും അംഗ വൈകല്യമുള്ള ആളാണ്. അങ്ങനെ വരുമ്പോൾ നിഷേധിക്കുന്നത് ശരി യാണോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: മകനും അച്ഛനും അംഗ വൈകല്യം സംഭവിച്ചവരാണെങ്കിൽ അതു ശ്രദ്ധയിൽ പെടുത്തിയാൽ അതി നെപ്പറ്റി എന്ത് ചെയ്യണമെന്ന കാര്യം ആലോചിക്കുന്നതാണ്.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

സെയിൽസ് ടാക്സ് പിരിച്ചെടുക്കുന്നതിന് പരിധി

* 584 [614] ശ്രീ. പി. സീതിഹാജി: താഴെ കാണുന്ന ചോദ്യ ത്തിന് ധനകാര്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

സെയിൽസ് ടാക്സ് ഉദ്യോഗസ്ഥൻമാർ ടാക്സ് പിരിച്ചെടുക്കു ന്നതിന് ഒരു വർഷം ഇത്ര രൂപ പിരിച്ചെടുക്കണമെന്ന് പരിധി നിശ്ചയി ച്ചിട്ടുള്ള വല്ല നിർദ്ദേശവും ഗവൺമെന്റ് നൽകിയിട്ടുണ്ടോ?

ധനകാര്യ വകുപ്പു മന്ത്രി (ശ്രീ. എസ്. വരദരാജൻനായർ): സംസ്ഥാന ബഡ്ജറ്റിൽ ഒരു തുക നികുതിയിനത്തിൽ പിരിച്ചെടുക്കാനായി സർക്കാർ നിശ്ചയിക്കാറുണ്ട്. ആ തുക പിരിച്ചെടുക്കാനായി റവന്യൂ ബോർഡ് ഉദ്യോഗസ്ഥൻമാർക്ക് ഒരു ലക്ഷ്യം (target) നിശ്ചയി ക്കാറുണ്ട്.

പ്രൈവറ്റ് കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ

* 585 [618] ശ്രീ. എം. വി. രാഘവൻ:
,, പിണറായി വിജയൻ:
,, എൻ. സുബ്രഹ്മണ്യഷേണായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടു കൾ ഉണ്ട്;

(ബി) ഈ ഇൻസ്റ്റിറ്റ്യൂട്ടുകളുടെ മേൽ ഗവൺമെന്റിന് വല്ല നിയന്ത്രണവും ഉണ്ടോ;

(സി) ഇല്ലെങ്കിൽ മുൻപ് നിയന്ത്രണങ്ങൾ വല്ലതും ഉണ്ടായി രുന്നോ; ഉണ്ടെങ്കിൽ എത്ര കാലം;

(ഡി) എങ്കിൽ ആ നിയന്ത്രണം എടുത്തുമാറ്റാൻ കാരണം എന്താ ണെന്നും വ്യക്തമാക്കാമോ;

(ഇ) ഇത്തരം സ്ഥാപനങ്ങൾ വിദ്യാർത്ഥികളിൽനിന്നും ഭാരിച്ച ഫീസ് ഈടാക്കുന്നതായി ഗവൺമെന്റിന് പരാതി കിട്ടിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly